പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7025

11.7.2014 ലെ മറുപടിക്ക്

എയ്ഡഡ് എൽ.പി.സ്കൂളുകളിൽ ലീവ് വേക്കൻസിയിൽ നിയമിതരായിട്ടുള്ളവരുടെ 1:45 അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

| | ചോദ്യം<br>ഡോ.കെ.ടി.ജലീൽ | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ദീർഘകാല അവധിയിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് പകരമായി എയ്ഡഡ് എൽ.പി.സ്കൂളുകളിൽ ലീവ് വേക്കൻസിയിൽ നിയമിതരായിട്ടുളള വരുടെ 1:45 അദ്ധ്യാപക വിദ്യാർത്ഥി അനുപാതമാണോ നിലവിലുളളത് ; | (എ) | അതെ |
| (ബി) | അദ്ധ്യാപക പാക്കേജിന്റെ ഭാഗമായവർക്ക് എത്രയാണ് അദ്ധ്യാപക-വിദ്യാർത്ഥി അനുപാത മെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് ഒരേ അനുപാതം (1:45) തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായി വരുന്ന, അംഗീകാരം ലഭിച്ച സർക്കാർ, എയ്ഡഡ് സ്കൂൾ റഗുലർ അദ്ധ്യാപകരെ നിലനിർത്തുന്നതിനായി മാത്രം നോഷണലായി 1:30/1:35അനുപാതം ഉപയോഗിക്കാവുന്നതാണ്. |
| (സി) | ഇതേ അനുപാതം ദീർഘകാല അവധിയിൽ പ്രവേശിച്ചവരുടെ ഒഴിവിൽ ജോലിചെയ്യുന്ന അദ്ധ്യാപ കർക്കും ബാധകമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (സി) | പരിഗണനയിലില്ല. |
| (ഡി) | 1:45 അനുപാതം ഇല്ലാത്തതിനാൽ ഇത്തരത്തിൽ ലീവ് വേക്കൻസിയിൽ ജോലി ചെയ്തു വരുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ഡി) യും (ഇ) യും | പാക്കേജ് ഉത്തരവുപ്രകാരം അവധി ഒഴിവിൽ അദ്ധ്യാപകബാങ്കിൽ നിന്നോ അല്ലെങ്കിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്താൻ പാടുള്ളൂ. |
| (ഇ) | ഉണ്ടെങ്കിൽ അത്തരം അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻഓഫീസർ